# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4732 | 19.05.2017-ൽ മറുപടിയ്ക്ക്

## എം.എൽ.എ. മാർക്ക് പി.ഡബ്ള്യൂ.ഡി റസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാൾ സൗജന്യമായി ലഭിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അവലോകനയോഗം ചേരുന്നതിന് പി.ഡബ്ള്യൂ.ഡി.റസ്റ്റ് ഹൗസുകളിലെ കോൺഫറൻസ് ഹാളുകൾക്ക് എം.എൽ.എ. വാടക നൽകേണ്ടതുണ്ടോ എന്നറിയാമോ ; | (എ) | നിയമസഭാ സാമാജികർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി വിളിച്ചു ചേർക്കുന്ന അവലോകന യോഗങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളിലെ കോൺഫറൻസ് ഹാളുകൾ നിലവിലെ നിരക്കിന്റെ 50% നിരക്കിൽ അനുവദിച്ചു കൊണ്ട് 5/11/2015-ലെ (കൈ) 88/2015/പൊ.മ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (ബി) എം.എൽ.എ. മാർ വാടക നൽകണമെന്ന നിലപാടാണ് പൊതുമരാമത്തു വകുപ്പ് സ്വീകരിക്കുന്നതെങ്കിൽ ഇത്തരം യോഗങ്ങൾക്ക് കോൺഫറൻസ് ഹാൾ സൗജന്യമായി ഉപയോഗിക്കുന്നതിന് അനുമതിക്കായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(സി) ഈ കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ;<br>(ഡി) വാടക നൽകണമെന്ന പൊതുമരാമത്ത് വകുപ്പിന്റെ നിലപാട് അംഗീകരിക്കപ്പെടുക യാണെങ്കിൽ ഇത്തരം കാര്യങ്ങൾക്കുള്ള വാടകത്തുക എം.എൽ.എ മാർക്ക് മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും & (ഡി) യും | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

5667
26/11/15

അംഗബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിലെ കോൺഫറൻസ് ഹാൾ നിയമസഭാ സാമാജികരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി വിളിച്ച് ചേർക്കുന്ന അവലോകനയോഗങ്ങൾ ചേരുന്നതിനായി 50% നിരക്കിൽ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുമരാമത്ത്(ഇ)വകുപ്പ്

**സ.ഉ.(കൈ)നം.88/2015/പൊ.മ.വ.** **തീയതി, തിരുവനന്തപുരം 05.11.2015**

---

പരാമർശം : സർക്കാരിന്റെ 17.07.2013 ലെ സ.ഉ(അച്ചടി)നം.58/2013/പൊ.മ.വ. ഉത്തരവ്.

### ഉത്തരവ്

നിയമസഭാ സാമാജികർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി വിളിച്ച് ചേർക്കുന്ന അവലോകനയോഗങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളിലെ കോൺഫറൻസ് ഹാളുകൾ നിലവിലെ നിരക്കിന്റെ 50% നിരക്കിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ പി എം മുഹമ്മദ് ഹനീഷ്**
സെക്രട്ടറി

പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
സെക്രട്ടറി. കേരള നിയമസഭ (**ആമുഖ കത്ത് സഹിതം**)
എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ). കേരളം. തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ. എറണാകുളം
പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ റസ്റ്റ് ഹൗസ് മാനേജർമാർക്കും.
(കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ